# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 24

# വാർത്താക്കുറിപ്പ്

## പരീക്ഷാഫലം

2019 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/641/2020)

2019 നവംബറിൽ നടന്ന എട്ടാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്‌സി ചാൻസ്, 2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്‌സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/642/2020)

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/643/2020)

2019 നവംബറിൽ നടന്ന നാലാം വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്‌നോളജി (എം.എൽ.ടി. - 2015 അഡ്മിഷൻ റഗുലർ/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/644/2020)

## ഡയറ്റിറ്റിക്‌സ്-ന്യൂട്രീഷൻ ഹ്രസ്വകാല കോഴ്‌സ്

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ജീവനീയം ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന്റെ സഹകരണത്തോടെ ഡയറ്റിറ്റിക്‌സ് ആന്റ് ന്യൂട്രീഷൻ എന്ന വിഷയത്തിൽ ഓൺലൈൻ ഹ്രസ്വകാല കോഴ്‌സ് ആരംഭിക്കുന്നു. ജൂലൈ ഒന്നുമുതൽ ആറുവരെയാണ് കോഴ്‌സ് കാലയളവ്. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. വിശദവിവരത്തിനും രജിസ്‌ട്രേഷനും ഫോൺ: 9495213248. ഇമെയിൽ: iucdswebinar@gmail.com.

(പി.ആർ.ഒ/39/645/2020)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 മെയിൽ നടന്ന ബി.കോം. രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന ജൂൺ 26ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. സൂക്ഷ്മപരിശോധനയ്ക്കുള്ള അറിയിപ്പ് അപേക്ഷകർ രജിസ്റ്റർ ചെയ്ത ഇമെയിൽ വിലാസത്തിലേക്കും ഫോൺ നമ്പറിലേക്കും അയച്ചിട്ടുണ്ട്. അപേക്ഷകർ ഹാൾടിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം നിർദ്ദിഷ്ട സമയത്ത് അസംബ്ലിഹാളിൽ ഹാജരാകണം.

(പി.ആർ.ഒ/39/646/2020)

## ഇൻസ്ട്രക്ഷണൽ ഡിസൈൻ; എം.ജി.യിൽ മൂക് പി.ജി. കോഴ്‌സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവും സംയുക്തമായി ഇൻസ്ട്രക്ഷണൽ ഡിസൈൻ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന മൂക് പി.ജി. കോഴ്‌സിന് രജിസ്റ്റർ ചെയ്യാം. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 'സ്വയം' പ്ലാറ്റ്‌ഫോം മുഖേനയാണ് കോഴ്‌സ് നടക്കുന്നത്. എം.എഡ്. വിദ്യാർഥികൾക്കും അധ്യാപകരാകാൻ താല്പര്യമുള്ള പി.ജി. വിദ്യാർഥികൾക്കും കോഴ്‌സിന് ചേരാം. ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനം കോഴ്‌സിന് ലഭ്യമാക്കിയിട്ടുണ്ട്. സർവകലാശാല

വെബ്സൈറ്റിലെ 'സ്വയം' എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാം. വിശദവിവരത്തിന് ഫോൺ: 9400573194 (ഡോ. സജ്ന ജലീൽ - കോഴ്സ് കോ-ഓർഡിനേറ്റർ).

(പി.ആർ.ഒ/39/647/2020)

## ഇ-ലൈബ്രറി സേവനവുമായി എം.ജി. സർവകലാശാല

ലൈബ്രറി ജേണലുകളും ഡേറ്റാബേസും ഓൺലൈനിൽ ലഭ്യമാക്കി മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറി. ലൈബ്രറി അംഗങ്ങൾക്കാണ് ഇലക്ട്രോണിക് റിസോഴ്സിലെ റിമോട്ട് ആക്സസ് (ഇൻഫെഡ്-ഷിബോലെത് ആക്സസ്) സേവനം ലഭ്യമാകുക. ലോകത്തെവിടെയിരുന്നും ഏതു സമയത്തും ഇ-റിസോഴ്സസ് ഉപയോഗിക്കാൻ ഇതിലൂടെ ലൈബ്രറി അംഗങ്ങൾക്ക് കഴിയും. ലൈബ്രറി അംഗങ്ങളായ ഗവേഷകർക്കും വിദ്യാർഥികൾക്കും അധ്യാപകർക്കും സേവനം ലഭ്യമാകും. പ്രത്യേക യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് www.idp.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് സേവനം ലഭ്യമാകുന്നത്. അംഗങ്ങൾ ഇ-റിസോഴ്സുകൾ ഉപയോഗിക്കുമ്പോൾ കോപ്പിറൈറ്റ് നിയമങ്ങൾ പാലിക്കണമെന്ന് നിബന്ധനയുണ്ട്. താല്പര്യമുള്ളവർ നിർദ്ദിഷ്ട അപേക്ഷ സർവകലാശാല ലൈബ്രറിയിൽ നൽകണം. വിശദവിവരം www.library.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/648/2020)

## വാർത്ത വാസ്തവവിരുദ്ധം; 3.39 കോടി രൂപ സർവകലാശാല ഫിനാൻസ് ഓഫീസറുടെ പേരിലുള്ള സ്ഥിര നിക്ഷേപം

സീപാസിന്റെ അക്കൗണ്ടിലെ പണം സർവകലാശാല ആവശ്യപ്പെട്ടുവെന്ന വാർത്ത വസ്തുതകൾക്ക് വിരുദ്ധമാണെന്ന് മഹാത്മാഗാന്ധി സർവകലാശാല. 2017 ഏപ്രിൽ ആറിന് സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സീപാസ് എന്ന സ്ഥാപനത്തിന് സർവകലാശാല നടത്തിവന്നിരുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല താൽക്കാലികമായി കൈമാറിയിരുന്നു. ഇതേത്തുടർന്ന് സ്വാശ്രയ സ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിലായി അവശേഷിച്ചിരുന്ന തുകയിൽ നിന്നും 11,44,61,802 രൂപ സീപാസിന്റെ പ്രവർത്തന മൂലധനമായി നൽകുന്നതിന് 2017 ഏപ്രിൽ 29ന് ചേർന്ന സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് 61,41,538 രൂപ മുട്ടം എൻജിനീയറിംഗ് കോളേജിന് മാത്രമായി ആറ് അക്കൗണ്ടുകളിലായി കൈമാറി. ഫിനാൻസ് ഓഫീസറുടെ പേരിൽ സ്ഥിരനിക്ഷേപമായി (എഫ്.ഡി.) നിക്ഷേപിച്ചിരുന്ന മറ്റ് തുക കാലാവധി പൂർത്തിയായപ്പോൾ സർവകലാശാലയുടെ അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. എന്നാൽ 3,39,37,908 രൂപയുടെ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള സ്ഥിരനിക്ഷേപം സർവകലാശാല അനുമതിയില്ലാതെ 2017 മെയ് ഒൻപതിന് മുട്ടം എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ അക്കൗണ്ടിലേക്ക് ബാങ്ക് തെറ്റായി നിക്ഷേപിച്ചു. ഈ വിവരം സർവകലാശാല ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുക തടഞ്ഞുവയ്ക്കുകയും ചെയ്തു. വിഷയം പഠിക്കുന്നതിനായി സർവകലാശാല കമ്മിറ്റി രൂപീകരിച്ചിരുന്നു.

സർവകലാശാലയ്ക്ക് അവകാശപ്പെട്ട തുക അനുമതിയില്ലാതെ കോളേജ് അക്കൗണ്ടിലേക്ക് മാറ്റിയ നടപടി ഗുരുതരമായ സാമ്പത്തിക തിരിമറിയാണെന്ന് വിലയിരുത്തുകയും പ്രിൻസിപ്പലിനോടും ബാങ്കിനോടും വിശദീകരണം തേടുകയും ചെയ്തു. ഇതനുസരിച്ച് 2020 ജൂൺ അഞ്ചിന് പ്രിൻസിപ്പൽ നൽകിയ മറുപടിയിൽ സ്ഥിര നിക്ഷേപം തുടർച്ചയായി പുതുക്കിവരികയാണെന്നും 2017 മെയ് എട്ടിന് വീണ്ടും പുതുക്കാനുള്ള അനുവാദം സർവകലാശാലയോട് തേടുകയും പിന്നീട് തുക പ്രിൻസിപ്പലിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് പ്രിൻസിപ്പലിന്റെ അനുവാദമില്ലാതെ മാറ്റിയതായി കണ്ടതായും അറിയിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ അറിയാതെ അദ്ദേഹത്തിന്റെ അക്കൗണ്ടിലേക്ക് തെറ്റായി മാറ്റിയ തുക സർവകലാശാലയുടേതാണെന്ന് പ്രിൻസിപ്പൽ നിഷേധിച്ചിട്ടില്ല.

സർവകലാശാല ഫിനാൻസ് ഓഫീസറുടെ പേരിലുള്ള സ്ഥിര നിക്ഷേപമാണ് പ്രിൻസിപ്പലിന്റെ അക്കൗണ്ടിലേക്ക് അനുവാദമില്ലാതെ മാറ്റിയത്. ഈ തുകയ്ക്കുള്ള അവകാശം സർവകലാശാല ഉപേക്ഷിക്കണമെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. വിഷയം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അധികൃതരുമായി ചർച്ച ചെയ്യുകയും തുക സർവകലാശാലയ്ക്ക് മടക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഫിനാൻസ് ഓഫീസർ ബിജു മാത്യു അറിയിച്ചു.

(പി.ആർ.ഒ/39/649/2020)

# Remote Access to E-resources of Mahatma Gandhi University Library (INFED-Shibboleth Access)

Dear Library Members,
Shibboleth based Remote Access facility through INFLIBNET- INFED project has been incorporated in Mahatma Gandhi University for proving anywhere anytime access to the resources available in the University Library. During the first phase, this service is providing to the following categories of members :

The resources are made available in the link, https://idp.mgu.ac.in. More resources will be updated later as and when access is granted by the publishers.

- Students of Mahatma Gandhi University Departments/Schools/Centres
- MPhil. Students and Research Scholars of Mahatma Gandhi University
- Permanent Teachers of Mahatma Gandhi University Departments/Schools/Centres and Affiliated Colleges

University Library will provide user name and password to its Members for accessing the resources. Members of the Library are requested to submit the application form available at the link to the Documentation Section in order to get the login credentials. Members are also requested to follow the copyright rules while accessing the e-resources.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ